# മരിയൻ ദൂത്

**St.Mary's Knanaya Catholic Parish, Mortongrove**

**Vol XV - Issue 002** January 12, 2024 | www.smkcparish.us | (847) 583 2910 | skmudakodi@gmail.com | 7800 Lyons st, Mortongrove, IL-60053


## അപ്പസ്തോലനും, സുവിശേഷകനുമായ വി.യോഹന്നാൻ ശ്ലീഹായുടെ തിരുനാൾ - January 12th Sunday, 10.00am



ബേദ്സയിദക്കാരനായ സെബദിയുടെയും സലോമിയുടെയും മക്കളായിരുന്ന ക്രിസ്തുശിഷ്യരായ യോഹന്നാനും യാക്കോബും. പിതാവായ സെബദി മൽസ്യത്തൊഴിലാളിയായിരുന്നു. പിതാവിനെ ഇരുസഹോദരന്മാരും മൽസ്യബന്ധനത്തിനു സഹായിച്ചുപോന്നു. പൂർവപിതാക്കൻമാർ എഴുതിയിരിക്കുന്ന പലരേഖകളിലും കാണുന്നത് സെബദി ഒരു സമ്പന്നനായ മനുഷ്യനായിരുന്നു വെന്നാണ്. സെബദിക്ക് സ്വന്തമായി ഉണ്ടായിരുന്ന വഞ്ചിയിലാണ് പത്രോസും അന്ത്രയോസും മീൻ പിടിക്കാൻ പോയിരുന്നത്. യോഹന്നാന്റെ അമ്മയായ സലോമി പരിശുദ്ധ കന്യാമറിയത്തിന്റെ സഹോദരിയായിരുന്നുവെന്നും കണക്കാക്കപ്പെടുന്നു. ഗ്രീക്ക ഭാഷയിലും സാഹിത്യത്തിലും യോഹന്നാനു പരിജ്ഞാനമുണ്ടായിരുന്നു എന്നത് പ്രാഥമിക വിദ്യാഭ്യാസം അദ്ദേഹത്തിനു ലഭിച്ചിരുന്നു എന്നതിന്റെ തെളിവാണ്. പത്രോസിന്റെ സഹോദരനായ അന്ത്രയോസിനൊപ്പം സ്നാപകയോഹന്നാന്റെ ശിഷ്യനായിരുന്നു യോഹന്നാൻ. സ്നാപകയോഹന്നാൻ യേശുവിനെ നോക്കി 'ഇതാ ലോകത്തിന്റെ പാപങ്ങൾ നീക്കുവാൻ വന്ന ദൈവത്തിന്റെ കുഞ്ഞാട്' എന്ന് വിശേഷിപ്പിച്ചതോടെ ഇവർ യേശുവിനെ അനുഗമിക്കുകയായിരുന്നു. യോഹന്നാൻ വിവാഹം കഴിച്ചിരുന്നില്ലെന്നും ബ്രഹ്മചാരിയായിരുന്നുവെന്നും ആദിമ സഭാപിതാവായ ആഗസ്തിനോസ് എഴുതിയിട്ടുണ്ട്. യേശു ഏറ്റവും കൂടുതൽ സ്നേഹിച്ചിരുന്ന ശിഷ്യൻ എന്ന വിശേഷണം യോഹന്നാനു കിട്ടുവാൻ കാരണം അന്ത്യ അത്താഴ സമയത്ത് യേശുവിന്റെ വക്ഷസിൽ ചാരിക്കിടന്നു എന്ന ബൈബിളിലെ പരാമർശമാണ്. 'ശിഷ്യരിൽ യേശു സ്നേഹിച്ചിരുന്ന ഒരുവൻ അവിടുത്തെ വക്ഷസിലേക്ക് ചാരിക്കിടന്നിരുന്നു.' (യോഹന്നാൻ 13: 23) യേശുവിനെ പടയാളികൾ തടവിലാക്കിയപ്പോൾ മറ്റു ശിഷ്യന്മാർ ഓടിയൊളിച്ചു. എന്നാൽ, യോഹന്നാൻ അദ്ദേഹത്തെ പിന്തുടർന്നു. യേശു കുരിശിൽ കിടക്കുമ്പോഴും താഴെ കാത്തുനിന്നിരുന്ന ഏക ശിഷ്യൻ യോഹന്നാനായിരുന്നു. സെബദീ പുത്രൻമാരുടെ അമ്മയായ സലോമിയും മകൻ യോഹന്നാനും ഉണ്ടായിരുന്നുവെന്ന് ബൈബിളിൽ പറയുന്നുണ്ട്. കുരിശിൽ കിടന്നുകൊണ്ട്, യേശു തന്റെ അമ്മയെ യോഹന്നാനെ ഏൽപിച്ചു. 'സ്ത്രീ, ഇതാ നിന്റെ മകൻ എന്ന് അമ്മയോടും 'ഇതാ, നിന്റെ അമ്മ' എന്നു യോഹന്നാനോടും യേശു പറഞ്ഞു. യേശുവിന്റെ ഉത്ഥാനത്തിനു സാക്ഷ്യം വഹിച്ച ആദ്യ ശിഷ്യന്മാരിൽ ഒരാൾ കൂടിയാണ് യോഹന്നാൻ. യേശുവിന്റെ ശരീരം ആരോ മോഷ്ടിച്ചുവെന്നു മഗ്ദലന മറിയം ആദ്യം പറയുന്നത് പത്രോസിനോടും യോഹന്നാനോടുമാണ്. അവർ ശവക്കല്ലറയിലെത്തി നേരിട്ടു കണ്ടു വിശ്വസിക്കുകയും ചെയ്തു. യേശുവിന്റെ മരണശേഷം എ.ഡി. 52 വരെ യോഹന്നാൻ ജറുസലേമിൽ തന്നെ താമസിച്ചു. യേശുവിന്റെ അമ്മയായ മറിയം ഈ സമയത്ത് അദ്ദേഹത്തോടൊപ്പമുണ്ടായിരുന്നു. മറിയത്തിന്റെ മരണശേഷമാണ് യോഹന്നാൻ റോമിലേക്ക് പോകുന്നത്. എന്നാൽ, മറിയത്തോടൊപ്പം യോഹ ന്നാൻ എഫേസൂസിലേക്കു പോയെന്നും അവിടെ ഒരു പഴയ ഭവനത്തിൽ ഇവർ താമസിച്ചുവെന്നും മറ്റൊരു വാദമുണ്ട്. ഏതായാലും 49ലെ ജറുസലേം സുനഹദോസിന്റെ സമയത്ത് യോഹന്നാൻ ജറുസലേമിലുണ്ടായിരുന്നു. പാലസ്തീനായിൽ പത്രോസിനൊപ്പം അദ്ദേഹം സുവിശേഷം പ്രസംഗിച്ചു. റോമിൽ വച്ച് ഏറെ പീഡനങ്ങൾ അദ്ദേഹത്തിന് അനുഭവിക്കേണ്ടിവന്നു. ഡൊമിനീഷ്യൻ ചക്രവർത്തി തിളയ്ക്കുന്ന എണ്ണയിൽ യോഹന്നാനെ ഇട്ടുവെന്നും അദ്ദേഹം അദ്ഭുതകരമായി രക്ഷപ്പെട്ടുവെന്നും ഒരു വിശ്വാസമുണ്ട്. എഫേസൂസിലെ യോഹന്നാന്റെ പ്രവർത്തനത്തെപ്പറ്റിയും ഐതിഹ്യങ്ങൾ ഏറെയുണ്ട്. ധാരാളം അദ്ഭുതങ്ങൾ അദ്ദേഹം പ്രവർത്തിച്ചുവെന്നു സഭാപിതാക്കന്മാർ രേഖപ്പെടുത്തുന്നുണ്ട്. എഫേ സൂസിൽ വച്ച് മരിച്ച ഒരു മനുഷ്യനെ ഉയർപ്പിച്ചു. എഫേസൂസിൽ ഇരുന്നുകൊണ്ടാണ് അദ്ദേഹം ഏഷ്യൻ പ്രവിശ്യയിലുള്ള സഭകളുടെ മേൽനോട്ടം വഹിച്ചിരുന്നത്. സ്മർണ പർഗാം, സാർദിസ്, ഫിലഡൽഫിയ, ലാവോദേക്യ തുടങ്ങിയ സഭകളെ കുറിച്ച് വെളിപാടു പുസ്തകത്തിൽ അദ്ദേഹം വിവരിക്കുന്നുണ്ട്. ട്രാജൻ ചക്രവർത്തിയുടെ കാലം വരെ യോഹന്നാൻ ജീവിച്ചിരുന്നു. 98 ജനുവരിയിലാണ് ട്രാജന്റെ ഭരണം തുടങ്ങുന്നത്. എ.ഡി. 100 നോട് അടുത്താണ് യോഹന്നാന്റെ മരണം. ഈ സമയത്ത് അദ്ദേഹത്തിനു തൊണ്ണൂറുവയസിനു മേൽ പ്രായമുണ്ടായിരുന്നു. മരണ സമയം അടുത്തുവെന്നു മനസിലായപ്പോൾ യോഹന്നാൻ ശിഷ്യന്മാരോട് തന്നെ കുഴിമാടത്തി ലേക്ക് കൊണ്ടുപോകാൻ ആവശ്യപ്പെട്ടു. അവിടെവച്ച് അദ്ദേഹം പ്രാർഥിച്ചു. "കർത്താവായ യേശുവേ, നീ എന്റെ കൂടെ ഉണ്ടായിരിക്കണമേ.." പിന്നീട് ശിഷ്യന്മാരെ ആശീർവദിച്ചശേഷം അദ്ദേഹം മരിച്ചു.

# Church Schedule

## HOLY Qurbana in MALAYALAM

Sunday 8.:00 AM, 10: 00 AM & 5.30 PM
Monday - Friday 8:15 AM
Monday-Thursday 7:00PM
Saturday - 10:00AM

## HOLY QURBANA IN ENGLISH

Sunday - 11:40 AM
Friday - 6:00 PM

## NOVENA (AFTER HOLY QURBANA)

Tuesday: St. Anthony
Thursday: St.Jude
Saturday: Our Lady of Perpectual Help
1st Wednesday: St. Michael

## CONFESSION

Everyday before Holy Qurbana

## RELIGIOUS EDUCATION

Sunday: 10:00AM

## ADORATION CHAPEL

9:00AM - 9:00 PM

## CONTACT INFORMATION


Fr. Siju Mudakodil (Vicar): (210)630 2295
Sr. Shalom S.V.M (Parish Secratry): (626)247-0340
Sabu Kattapuram(Trustee Cordinator): (847) 791 1452
Lukose Poozhikunnel (Trustee) : (708)917 9989
George Mattathilparambil (Trustee): (847)606 1642
Binu Poothurayil (Trustee): (847)644 9869
Nibin Vettikkattil (Youth Trustee): (773)934 3535
James Mannakulathil (Accountant): (312)622 3326
Sunny Meledam (Secratary): (773)550 1995
Anil Mattathikunnel (P.R.O): (773)280 3632
Saji Poothrukayil (DRE): (847) 293 9409
Maneesh Kaimoolayil (Asst. DRE): (773)550 6328
Peter Kulangara(Funeral Cordinator): (847)951 4476
Visitation Convent: (847) 603 8881





## Liturgical Bible Readings

### ദനഹാക്കാലം : രണ്ടാം ഞായർ

1) സംഖ്യ 10:29-36 (10:29-11:10)
ഇസ്രായേലിനെ വാഗ്ദത്ത നാട്ടിലേക്ക് നയിക്കുന്ന മോശ
2) ഏശ 45:11-17
ഇസ്രായേലിന്റെ ദൈവവും രക്ഷകനും
3) ഹെബ്രാ 3:1-6 (3:1-4:7)
മിശിഹാ മോശയെക്കാൾ ശ്രേഷ്ഠൻ
G) യോഹ 1:14-18 (1:1-28)
കൃപയും സത്യവും മിശിഹാ വഴി


### Season of Epiphany : Second Sunday


1) Num 10:29-36 (10:29-11:10)
Moses leads the people of Israel
2) Is 45:11-17
Israel is saved by the Lord with everlasting salvation.
3) Heb 3:1-6 (3:1-4:7)
Jesus is greater than Moses
G) Jn 1:14-18 (1:1-28)
Grace and truth came through Jesus Christ

## MARK YOUR CALENDER

Jan. 19: CCD Mid-term Exam
Jan 20: Feast of St Sebastian
Jan 26: Feast of Servent of God Mar Mathew Makil
Jan 31: Feast of St. John Bosco
Feb 10: Three Day's Feast Begins
Feb 12: Purathunamaskaram
Mar 2: First Sunday of Lent
Mar 3: Ash Monday
Mar 19: Death of St. Joseph
Apr 10: Night Vigil
Apr 13 : Palm Sunday
Apr 17: Pesaha Thursday
Apr 18: Good Friday
Apr 19: Easter Vigil
Apr 20: Easter Sunday

# Cherupushpa Mission League Corner




January 5 th Sunday 11:40 am HolyQurbana Led by CML St. Francis Xavier Group





Dedicate a Prayer Donate a Meal to St. Antony's Home of Mercy, Purapuzha, Karimkunnam

# Christmas Season's Competition Winners

## BEST NATIVITY CRIB
1. Philip and Elsamma Nedumthuruthilputhenpurayil
2. Tomy and Remi Thatamatom
3. Jojo and Mini Edakara

## BEST SANTA CLAUS
1. Sunil Aikara: St. Peter and Paul KY
2. Kunjachan Kulangara: St. James KY .
3 Cyril Kambakalunkal: St. Jude KY

## MOST NUMBER OF HOMES VISITED
1. St. Anthony KY
2. St. James KY
3. St. Peter and Paul KY

## MOST AMOUNT COLLECTED
1. St. Peter and Paul KY

## BEST CAROL PERFOMANCE
1. St. Anthony KY
2. St. Peter and Paul KY
3. St. Jude KY

# Christmas Decorations (outside) Competition



1. Jojo and Mini Edakara



2. Jose and Suma Aikaraparambil

3. Philip and Elsamma Nedumthuruthilputhenpurayil



# Prayer Room Competition



1. Biju and Jeena Kannachamparambil



2. Philip and Elsamma Nedumthuruthilputhenpurayil .



3. Pradeep and Biji Muringoth

യൂദായുടെയും ബഞ്ചമിൻെറയും ഗോത്രത്തലവൻമാരും
പുരോഹിതരും ലേവ്യരും ദൈവത്താൽ ഉത്തേജിതരായി
ജറുസലെമിലെ കർത്താവിൻെറ ആലയത്തിൻെറ
പുനർനിർമാണത്തിനു പുറപ്പെട്ടു. (എസ്രാ 1 : 5)

**Knanaya Catholic Mission USA**
**KNA FIRE presents**

# EZRA MEET 2025

## KNANAYA FAMILY CONFERENCE



**Fr. Thomas Mulavanal**



**Fr. Lijo Kochuparambil**



**Fr. Jibil Kuzhivelil**



**Br. Santhosh T.**

**28 FEBRUARY**
**1,2 MARCH**
**2025**

## പ്രാർത്ഥന

ആബാപിതാവേ,
അങ്ങയുടെ തിരുക്കുമാരന്റെ
തിരുരക്തത്താൽ ക്നാനായ സമൂഹത്തെ
വിശുദ്ധീകരിക്കണമേ. അവിടുത്തെ
പരിശുദ്ധാത്മാവിനാൽ നിറച്ച്
പ്രേഷിതരാക്കണമേ.

**Sacred Heart Knanaya Forane church**
**Bensenville Chicago.**

KNANAYA CATHOLIC
YOUTH MINISTRY
REIGNITING YOUTH MISSIONARY SPIRIT

FOR FAITH & TRADITION

# Knanaya Catholic Region,
# Youth Ministry Conference.

# " REDISCOVER 25 "

## June 13,14,15.

## @ Chicago. Age 24 above.

## Registartion will start soon.